കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# www.lfa.kerala.gov.in

## പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി.8-38/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഫോൺ - 0477-2252753

**e-mail:ddhglfalpy@gmail.com**

തീയതി: 20/01/2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്ത് 2015-16സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-2, 2-4, 2-5 യും ഭാഗം 3ലെ 3-1, 3-19 ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-എ.എൽ.പി/പി8-38/17 തീയതി:20/1/2017

ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.12.2015 മുതൽ 31.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | സി.വൈ.സലിം,<br>ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റു നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 03.01.2017മുതൽ 11.01.2017 വരെ | ശ്രീമതി.സജിതാദാസ്,(ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.ജി.അനിൽകുമാർ ആശാരി (അസി.ഓഡിറ്റ് ഓഫീസർ) |
| | ശ്രീ.പ്രദീപ് കുമാർ.ആർ (സീനിയർ ഗ്രേഡ് ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

*പ്രസിഡൻറ്:*

| | |
|---|---|
| *ശ്രീ.ആന്റണി പി.പി* | *01.04.2015 മുതൽ 30.10.2015* |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015മുതൽ 29.11.2015 |
| *ശ്രീമതി.എം.ഷീജ* | *30.11.2015മുതൽ 31.03.2016* |

*സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷർ*

| | | |
|---|---|---|
| ശ്രീമതി.സുധർമ്മ ഭുവനചന്ദ്രൻ | ധനകാര്യം | 01.04.2015– 30.10.2015 |
| ശ്രീ.കെ.ഉണ്ണികൃഷ്ണൻ | | 30.11.2015– 31.03.2016 |
| ശ്രീ.കെ.ഉണ്ണികൃഷ്ണൻ | ആരോഗ്യ വിദ്യാഭ്യാസം | 01.04.2015– 30.10.2015 |
| ശ്രീമതി.കെ.കെ.ലത | | 14.12.2015– 31.03.2016 |
| ശ്രീമതി.ലീലാമ്മ പീറ്റർ | ക്ഷേമകാര്യം | 01.04.2015– 30.10.2015 |
| ശ്രീ.ആർ.റജിമോൻ | | 14.12.2015– 31.03.2016 |
| ശ്രീ.ജയചന്ദ്രൻ | വികസനം | 01.04.2015– 30.10.2015 |
| ശ്രീമതി.സുലഭ ഷാജി | | 14.12.2015– 31.03.2016 |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ.പി.ജി.പ്രകാശ് | *01.04.2015 – 31.03.2016* |
| കൃഷി ഓഫീസർ | ശ്രീമതി.രമാദേവി | *01.04.2015 – 26.06.2015* |
| | ശ്രീ.ജഗന്നാഥ്.ബി | *27.06.2015 -30.10.2015* |
| | ശ്രീമതി.രശ്മി.പി.കെ | *31.10.2015 -22.12.2015* |
| | ശ്രീമതി.ആഭാ രാജ് | *23.12.2015 -31.03.2016* |
| വി.ഇ.ഒ | ശ്രീമതി.സറീന പി.എസ് | *01.04.2015 – 31.03.2016* |
| | ശ്രീമതി.ജയശ്രീ.കെ.വി | *01.04.2015 –31.03.2016* |
| അസി.എഞ്ചിനീയർ | ശ്രീ.വിഷ്ണു.എസ് | *01.04.2015 – 28.01.2016*<br>*29.02.2016-31.03.2016* |
| അസി.എഞ്ചിനീയർ | അൻജിത്ത്.ബി. മോഹൻ | *29.01.2016-27.02.2016* |
| മെഡിക്കൽഓഫീസർ,പി.എച്ച്.സി | ഡോ.ബിന്ദുപ്രിയ.കെ | *01.04.2015 – 31.03.2016* |
| ഹെഡ്മിസ്ട്രസ് ,ഗവ.യു.പി.എസ് | ശ്രീമതി.വിജയകുമാരി.എൻ | *01.04.2015 – 31.03.2016* |
| ഐ.സി.ഡി,എസ്.സൂപ്പർവൈസർ | ശ്രീമതി.ലത.കെ.എ | *01.04.2015 – 31.03.2016* |
| മെഡിക്കൽഓഫീസർ, ആയുർവേദം | ഡോ.എസ്.ഷീബ | *01.04.2015 – 31.03.2016* |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.പുഷ്പലത | *01.04.2015 – 31.03.2016* |
| ഡയറി ഫാം ഇൻസ്പെക്ടർ | ശ്രീമതി.ഗീത.എസ് | *01.04.2015 – 31.03.2016* |
| ഫിഷറീസ് ഇൻസ്പെക്ടർ | ശ്രീമതി.ബിന്ദു | *01.04.2015 – 31.03.2016* |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 മുതൽ 1-11 വരെ |
| | ഭാഗം 2 | |
| 2 | തനത് ഫണ്ട് - ഒന്നിലധികം ബാങ്ക് അക്കൌണ്ടുകൾ | 2-1 |
| 3 | ഷോപ്പിംഗ് കോംപ്ലക്സ് , മാർക്കറ്റ് എന്നിവ ഉപേക്ഷിക്കപ്പെട്ട നിലയിൽ | 2-2 |
| 4 | പരസ്യ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല | 2-3 |
| 5 | തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് | 2-4 |
| 6 | കെട്ടിട നിർമ്മാണ പെർമിറ്റ് ആപാകതകൾ | 2-5 |
| 7 | കാലാഹരണപ്പെട്ട സെക്യൂരിറ്റി നിക്ഷേപങ്ങൾ നിലനിർത്തുന്നു. | 2-6 |
| 8 | ഫിറ്റനസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു. | 2-7 |
| | ഭാഗം 3 | |
| 9 | എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ കൺവീനർമാർക്ക് ബിറ്റുമിൻ ലഭിച്ചു - ഉയർന്ന നിരക്ക് പ്രകാരം ബിൽ തുക അനുവദിച്ചു - 4,63,589/- രൂപ കൺവീനർമാർക്ക് അധികം നൽകി | 3-1 |
| 10 | ടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിൻ ബാരലിന്റെ വില കുറവ് ചെയ്തിട്ടില്ല | 3-2 |
| 11 | പൈപ്പ് കംപോസ്റ്റ് - പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല | 3-3 |

| | | |
|---|---|---|
| 12 | തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ് | 3-4 |
| 13 | ഫ്രണ്ട് ഓഫീസ് സംവിധാനത്തിന് പര്യാപ്തമായ സൌകര്യങ്ങളില്ല | 3-5 |
| 14 | റ്റി. എ. - യഥാസമയം ക്ലെയിം ചെയ്യാത്ത ബില്ലുകൾ അനുവദിക്കുന്നു | 3-6 |
| 15 | തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ ഒഴിവാക്കപ്പെടേണ്ടതാണ് | 3-7 |
| 16 | അസാധാരണ ചെലവ് - നിർദ്ദേശങ്ങൾ പാലിയ്ക്കപ്പെടുന്നില്ല | 3-8 |
| 17 | തെരുവ് നായ്ക്കളുടെ നിയന്ത്രണം - തുക വിനിയോഗിച്ചിട്ടില്ല | 3-9 |
| 18 | മീഡിയാശ്രീ - ചിത്രത്തിന്റെ പകർപ്പ് ലഭ്യമാക്കിയിട്ടില്ല | 3-10 |
| 19 | ആശ്രയാ ഭവന നിർമ്മാണം - പണി പൂർത്തിയായിട്ടില്ല | 3-11 |
| 20 | സമഗ്ര തെങ്ങു കൃഷി വികസനം - മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനത്തിന് സബ്സിഡി | 3-12 |
| 21 | പാലിയേറ്റീവ് കെയർ - സർക്കാർ ഉത്തരവ് പൂർണ്ണമായും പാലിച്ചിട്ടില്ല | 3-13 |
| 22 | പാലിയേറ്റീവ് കെയർ നിർവഹണക്കമ്മിറ്റി രൂപീകരിച്ചിട്ടില്ല | 3-14 |
| 23 | ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല | 3-15 |
| 24 | അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ അപര്യാപ്തം | 3-16 |
| 25 | വാറ്റ് -ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്ക് വരുത്തിയില്ല | 3-17 |
| 26 | വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനു നൽകിയ സഹായം - തുക തടസപ്പെടുത്തുന്നു | 3-18 |
| 27 | വാട്ടർ അതോറിറ്റിയ്ക്ക് നൽകുവാനുള്ള വെള്ളക്കരം കുടിശ്ശിക | 3-19 |
| 28 | ഓഡിറ്റ് ഇംപാക്ട് | 3-20 |
| | ഭാഗം 4 | |
| 23 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 മുതൽ 4-9 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 28.3.2015 തിയതിയിലെ Iാം നം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ബഡ്ജറ്റിന് അംഗീകാരം നൽകിയ തീയതി | ബഡ്ജറ്റ് പ്രകാരമുള്ളത് | | വാർഷിക കണക്ക് പ്രകാരമുള്ളത് | |
|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് |
| 28.3.2015 | 109194950 | 103905200 | 35426021 | 43355732 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളുടെ യഥാക്രമം 32%, 42% മാത്രമാണ് യഥാർത്ഥ വരവ് ചെലവുകൾ. റസീപ്റ്റ് ആന്റ് പേയ്മെന്റ് പത്രികയിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതികളുടെ ഇ.എഫ്.എം.എസ് തുകകൾ ,ക്ഷേമ പെൻഷൻ തുകകൾ എന്നിവ ഉൾപ്പെട്ടിട്ടില്ല. ബജറ്റ് യാഥാർത്ഥ്യ ബോധത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 5.05.2016 |

1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്

1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -21626046

വരവ് -35426021

ആകെ -57052067

ചെലവ് -43355732

നീക്കിയിരിപ്പ്-13696335

1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | TCചെയ്ത് ലഭിച്ചതുക. | തൻവർഷ അലോട്ട്മെന്റ്. | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക. | ആകെ. 2+3+5 | ചെലവ് | TC ചെയ്ത് നൽകിയ തുക. | സർക്കാരിലേയ്ക്ക് തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3044285 | 3717125 | 11066254 | 5508863 | 12270273 | 12270273 | 0 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 547113 | 0 | 1650970 | 517226 | 1064339 | 937369 | 126970 | 0 | 0 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 58000 | 0 | 210000 | 200800 | 258800 | 200800 | 58000 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 0 | 3482000 | 3185581 | 3185581 | 3185581 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1180742 | 0 | 3083000 | 2541638 | 3722380 | 3722380 | 0 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1304082 | 0 | 5700016 | 5616244 | 6920326 | 5776096 | 1144230 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 3624000 | 0 | 2387925 | 2312288 | 5936288 | 3548363 | 2387925 | 0 | 0 |

1-6പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 100 | 87366682 | 85 | 29656032 | 5 | 10 | 85% |

ചെലവ് പത്രിക പ്രകാരം ആകെ വകയിരുത്തിയ തുകയുടെ 34% മാത്രമാണ് യഥാർത്ഥ ചെലവ്. പല പദ്ധതികൾക്കായും കൃത്യമായ സ്രോതസ് കണ്ടെത്താതെ മറ്റുള്ളവ എന്ന രീതിയിൽ തുകകൾ വകയിരുത്തുന്നത് കാരണമാണ് ചെലവ് ശതമാനത്തിൽ കുറവ് വന്നത്. ലഭ്യമായ/ലഭ്യമാകുന്ന തുകക്ക് പദ്ധതി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലേയും ജനങ്ങളുടെ ആവശ്യങ്ങൾ കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് പകരം വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതംവെച്ച് താരതമ്യേന ചെലവ് കുറഞ്ഞ പദ്ധതികൾ ഏറ്റെടുക്കുന്നു (ഉദ: പശ്ചാത്തല മേഖലയിലെ റോഡ് നിർമ്മാണ പ്രോജക്ടുകൾ).

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1.പൗരാവകാശ രേഖ പ്രിന്റ് ചെയ്യൽ

2.ശ്മശാനം നിർമ്മാണം

3.മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം

4.ബയോഗ്യാസ് പ്ലാന്റ് നൽകൽ

1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ 4.71% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3684714 | 3390898 | -293816 | -7.9% |
| നികുതിയേതര വരവുകൾ | 547507 | 654153 | +106646 | +19.47 |
| മറ്റുവരവുകൾ | 71400 | 55839 | -15561 | +21.79% |
| ആകെ | 4303621 | 4100890 | -202731 | -4.71% |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 967320 | 625 |
| കർഷകതൊഴിലാളി പെൻഷൻ | 5708070 | 500 |
| വിധവാപെൻഷൻ | 6646320 | 592 |
| വാർദ്ധക്യകാലപെൻഷൻ | 5451780 | 617 |
| വികലാംഗപെൻഷൻ | 3182745 | 350 |
| അവിവാഹിത പെൻഷൻ | 639200 | 93 |
| വിവാഹധനസഹായം. | 360000 | 12 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13900 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

1. തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കളുടെ ഫോട്ടോ പതിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
2. ക്ഷേമ പെൻഷനുകൾക്കുവേണ്ടി ലഭിച്ച അപേക്ഷകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

3. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല. പെർമിറ്റുകളിന്മേൽ സ്വീകരിക്കുന്ന തുടർ നടപടികളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.
4. തെരുവ് വിളക്കുകളുടെ (പോസ്റ്റ് നമ്പർ ഉൾപ്പെടുത്തിയത്) വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
6. പഞ്ചായത്ത് ഡയറക്ടറുടെ 18.01.07-ലെ എച്ച്1/13880/06 നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്ത് ജീവനക്കാർ എം.ഒ.പി. പ്രകാരം പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണെന്നും ഇക്കാര്യം ഹെഡ് ക്ലാർക്ക്/സൂപ്രണ്ട് ഉറപ്പാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും അപൂർണ്ണമാണ്.
7. ഫ്രണ്ട് ഓഫിസ് സംവിധാനം കാര്യക്ഷമമല്ല.(ഖണ്ഡിക 3-5കാണുക)

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കുറ്റമറ്റതാക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.12.16 | 11/16 | 22.11.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.08.16 മുതൽ 22.08.16 വരെ. | 2011-12മുതൽ 2015-16 വരെ. | LBA(HQ)/V/8A/248816-17/129/ തീയതി 21.09.2016. |

# ഭാഗം-2
## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത്ഫണ്ട് -ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ തനത് ഫണ്ടിനായി ഇൻഡ്യൻ ഓവർസീസ് ബാങ്കിൽ 27-8-14 ൽ ആരംഭിച്ച നം-19670100000530 അക്കൗണ്ടും ജില്ലാസഹകരണ ബാങ്കിൽ 16-7-16 ആരംഭിച്ച മറ്റൊരു അക്കൗണ്ടും (നം -001762) ഇപ്പോൾ നിലവിലുണ്ട്. ഇതിൽ IOB അക്കൗണ്ടിൽ 31-3-16 ൽ 54660 രൂപ ബാക്കിയായി അവശേഷിക്കുന്നുണ്ട്. ടി അക്കൗണ്ടിൽ 2/16 ന് ശേഷം ഇടപാടുകൾ ഒന്നും നടക്കാതെ നിഷ്ക്രിയമായി നിലനിൽക്കുകയാണ്. ഒരേ ഇനം ഫണ്ടിനായി ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ നിലനിർത്തുന്നത് ശരിയായ നടപടിയല്ല. ആയതിനാൽ ഇതിലേക്കായി ഒരു ബാങ്ക് അക്കൗണ്ട് മാത്രം നിലനിർത്തുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ്, മാർക്കറ്റ് എന്നിവ ഉപേക്ഷിക്കപ്പെട്ട നിലയിൽ

തിരക്കേറിയ ദേശീയ പാത 66 ന് ചേർന്ന് ഗ്രാമ പഞ്ചായത്താഫീസിന് സമീപസ്ഥമായാണ് ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സും മാർക്കറ്റും സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ഇവിടെ പണിതിട്ടുള്ള കടമുറികൾ, സ്റ്റാളുകൾ, ലോഡ്ജ് റൂമുകൾ എന്നിവ വാടകയ്ക്ക് നൽകിയും മാർക്കറ്റിലെ ഫീസ് പിരിവിലൂടെയും പഞ്ചായത്തിന് വരുമാനം ലഭിച്ചു പോരുന്നുണ്ട്.

2015-16 വർഷം പഞ്ചായത്ത് മാർക്കറ്റ് ഫീസ് പിരിക്കുകയോ, അതിനുള്ള അവകാശം ലേലം ചെയ്തു നൽകുകയോ ചെയ്തിട്ടില്ല. കൂടാതെ ഷോപ്പിംഗ് കോംപ്ളക്സിലേയും മാർക്കറ്റിലെയും കടമുറികൾ, സ്റ്റാളുകൾ, ലോഡ്ജ് റൂമുകൾ എന്നിവ വാടകയ്ക്ക് എടുത്തവരിൽ താഴെ പറയുന്നവർ വാടക കുടിശ്ശിക വരുത്തിയിട്ടുള്ളതായും കാണുന്നു.

| ക്രമ നം. | കടമുറി/സ്റ്റാൾ/ലോഡ്ജ് റൂം നമ്പർ, പ്രതിമാസ വാടക | വാടകക്കാരന്റെ പേര് വിവരം | വാർഷിക വാടക | ഒടുക്കിയ വാടക | കുടിശ്ശിക തുക |
|---|---|---|---|---|---|
| 1 | ലോഡ്ജ് റൂം നം.4/ 244രു | കൺവീനർ, സി.ഐ.റ്റി.യു | 2928 രു. | ഇല്ല | 2928രു |
| 2 | ലോഡ്ജ് റൂം നം.2/272 രു | എം.കെ.,കൺവീനർ,ഹെഡ് ലോഡ് വർക്കേഴ്സ് യൂണിയൻ | 3264 രു | ഇല്ല | 3264 രു |
| 3 | ലോഡ്ജ് റൂം നം.1/264രു. | കമലാസനൻ, ആശാരി പറമ്പ് | 3168 രു | -ടി- | 3168 രു. |
| 4 | ഷോപ്പ് നം.3/ 464 രു. | പദ്മനാഭൻ,പുത്തൻവെളിയിൽ | 5568 രു | 2784 രു. | 2784 രു. |
| 5 | ഷോപ്പ് നം.12/733 രു. | അബൂബക്കർ,ആശാരി പറമ്പ് | 6598 രു. | 2199 രു. | 6597 രു. |

ആകെ കുടിശ്ശിക തുക 18741/-രൂപ പിഴ സഹിതം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി കടമുറികളും സ്റ്റാളുകളും ലോഡ്ജ് മുറികളും ലേലം ചെയ്യാതെ വർഷം തോറും നിശ്ചിത നിരക്കിൽ വാടക വർദ്ധിപ്പിച്ച് കൈവശം വച്ചിരിക്കുന്നവർക്കു തന്നെ തുടർന്നും നൽകിപ്പോരുകയാണ്. 4.2.2016 ലെ പഞ്ചായത്ത് കമ്മറ്റി തീരുമാനം (നം .6(1))പ്രകാരം പുന്നപ്ര മാർക്കറ്റിലെ നിലവിലെ കടമുറികൾ ആവശ്യക്കാർക്ക് 5% വർദ്ധിപ്പിച്ച് തുടർന്നും അനുവദിക്കുവാനും കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിച്ച് ഒഴിവുള്ള മുറികൾ ലേലം ചെയ്യേണ്ടതില്ല എന്നുമാണ്. എന്നാൽ 2016-17 വർഷത്തിൽ സ്റ്റാൾ നം.6, ലോഡ്ജ് റൂം നം.1 എന്നിവയുടെ വാടക ഒടുക്കിയിട്ടുള്ള നൗഷാദ്, ഇടവഴിയിൽ, ബർലിൻ പി. ജോസഫ് എന്നിവർ മുൻ വർഷം ഈ മുറികൾ കൈവശം വെച്ചിരുന്നവർ അല്ലെന്നു കാണുന്നു. ഈ വ്യക്തികളുമായോ മറ്റ് കടമുറികളും സ്റ്റാളുകളും ലോഡ്ജ് റൂമുകളും കൈവശം വച്ചിരിക്കുന്നവരുമായോ ഈ വർഷം ഗ്രാമ പഞ്ചായത്ത് കരാർ ചമച്ചതായും കാണുന്നില്ല. അതായത് നിലവിൽ, പഞ്ചായത്തുമായി യാതൊരു കരാർ ബാദ്ധ്യതയുമില്ലാതെയാണ് കച്ചവടക്കാരും വ്യക്തികളും ഷോപ്പിംഗ് കോംപ്ളക്സിലെയും മാർക്കറ്റിലെയും മുറികളും സ്റ്റാളുകളും കൈവശം വച്ച് ഉപയോഗിക്കുന്നത് .

നിലവിൽ ഷോപ്പിംഗ് കോംപ്ളക്സിന്റെയും മാർക്കറ്റിന്റെയും പല ഭാഗങ്ങളിലെയും ഭിത്തി തകർന്നും ഭിത്തികളിലേക്ക് മരങ്ങളുടെ വേരുകൾ ആഴ്ന്ന് ഇറങ്ങിയും തകരാറായ നിലയിലും സ്റ്റാളുകൾ, ലോഡ്ജ് മുറികൾ എന്നിവ കേടുപാടുകൾ വന്ന് ചപ്പു ചവറുകൾ നിറഞ്ഞ് കിടക്കുന്ന അവസ്ഥയിലും ആണെന്ന് കാണുന്നു. പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ളക്സിന് സമീപമുള്ള, സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സമാനമായ കടമുറികൾ പ്രതിമാസം ആയിരക്കണക്കിന് രൂപ വാടക ലഭിക്കുന്നവയാണ്. പക്ഷേ പഞ്ചായത്ത്, സ്വന്തം ഷോപ്പിംഗ് കോംപ്ളക്സിന്റെയും മാർക്കറ്റിന്റെയും കേടുപാടുകൾ തീർത്ത് ഉപയോഗയോഗ്യമാക്കി തനതു വരുമാനം വർദ്ധിപ്പിക്കാനുതകുന്ന നടപടികൾ സ്വീകരിക്കുവാൻ ഇതുവരെ തയ്യാറായിട്ടില്ല. പഞ്ചായത്തിന്റെ ഭാഗത്തു നിന്നുള്ള നിരുത്തരവാദപരമായ പ്രവൃത്തിയാണിത്.

ഈ വിഷയം സംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണത്തിന് (നം.10/09.01.17) ഈ കെട്ടിടം 1976 ൽ പണികഴിപ്പിച്ചിട്ടുള്ളതാണെന്നും ടി സ്ഥലം പഞ്ചായത്തിന് ഇഷ്ട ദാനമായി ലഭിച്ചതാണെന്നും ഓഫീസ് ഷിഫ്റ്റ് ചെയ്ത അവസരത്തിൽ പ്രമാണം നഷ്ടപ്പെട്ടുപോയിട്ടുള്ളതാണെന്നും മറുപടി നൽകി. കെട്ടിടം പൊളിച്ചുമാറ്റി KURDFC ൽ നിന്നും ലോൺ എടുത്ത് പുതിയ കെട്ടിടം പണിയുന്നതിന് 13.05.13 ലെ കമ്മറ്റിയിൽ തീരുമാനം (നം.11) എടുക്കുകയും 15-16 ലെ പദ്ധതിയിൽ കെട്ടിട നിർമ്മാണത്തിന് തുക വകയിരുത്തിയിരുന്നെങ്കിലും പദ്ധതി ഉപേക്ഷിക്കുകയാണുണ്ടായത്. തനതു വരുമാനം വർദ്ധിപ്പിക്കാനുതകുന്ന നടപടികൾ സ്വീകരിക്കുവാൻ ഭരണവകുപ്പ്, ഭരണസമിതി എന്നിവരുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

## 2-3 പരസ്യ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്ത് ഇതുവരെ പരസ്യ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. തിരക്കേറിയ ദേശീയ പാത 66 നോട് ചേർന്നുള്ള ഗ്രാമ പഞ്ചായത്താകയാൽ സ്വാഭാവികമായും അനേകം പരസ്യബോർഡുകളും ഹോർഡിംഗുകളും ചുവർ പരസ്യങ്ങളും പഞ്ചായത്ത് അതിർത്തിക്കുള്ളിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്രകാരം പരസ്യങ്ങൾ സ്ഥാപിച്ചവരിൽ നിന്നും നികുതി ഈടാക്കാനുള്ള നടപടികളൊന്നും തന്നെ പഞ്ചായത്ത് ഇതുവരെ സ്വീകരിച്ചതായി കാണുന്നില്ല. പഞ്ചായത്തിന് പരസ്യ നികുതി സ്വയം ഈടാക്കുകയോ നികുതി പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്യുകയോ ചെയ്യാവുന്നതാണ്. പരസ്യ നികുതി ഈടാക്കുന്നതിനായിട്ടുള്ള 'ബൈലോ" പഞ്ചായത്ത് ഇതുവരെ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ലഭ്യമായ നികുതി വരുമാനം നഷ്ടപ്പെടുവാൻ ഇടവരുത്താതെ തനതു വരുമാനം വർദ്ധിപ്പിക്കുവാൻ ഉതകുന്ന നടപടികൾ ഉടൻ തന്നെ സ്വീകരിക്കേണ്ടതാണ്.

## 2-4 തൊഴിൽ നികുതി ഈടാക്കാഞ്ഞത് സംബന്ധിച്ച്

I. ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ ഒരു അർദ്ധ വർഷം അറുപത് ദിവസത്തിൽ കുറയാതെ ജോലി ചെയ്തിട്ടുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ, 2015 – 16 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകളുടെ പരിശോധനയിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടിക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഏത് അർദ്ധ വർഷം | റിമാർക്സ് |
|---|---|---|---|
| 1 | അബാബിൽ ഐസ് പ്ളാന്റ് | 2015 – 16<br>ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം<br>ഈടാക്കിയിട്ടുണ്ട് |
| 2 | സൽമത്ത് ഐസ് പ്ളാന്റ് സർവ്വീസസ് | -ടി | -ടി- |
| 3 | സിയാന ഐസ് പളാന്റ് | - ടി- | - ടി- |
| 4 | മരിയ ഐസ് പളാന്റ് | -ടി- | -ടി- |
| 5 | യാസീൻ ഐസ് പ്ളാന്റ് | -ടി- | -ടി- |

ഈടാക്കാനുള്ള തുക പിഴ സഹിതം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

II. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും സ്ഥാപന മേധാവി തൊഴിൽ നികുതി ഈടാക്കി പഞ്ചായത്തിൽ ഒടുക്കിയപ്പോൾ സമർപ്പിച്ച പത്രികകളിൽ , ജീവനക്കാർ ഓരോ അർദ്ധ വർഷവും വാങ്ങിയ ശംബളത്തിന്റെ വിവരങ്ങൾ ലഭ്യമാക്കാതെ, ഓരോ ജീവനക്കാരനിൽ നിന്നും ഈടാക്കിയ നികുതി തുക മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ഇപ്രകാരം, ശമ്പളത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയം നടത്താതെയാണ് നികുതി സ്വീകരിച്ചിട്ടുള്ളത്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഏത് അർദ്ധ വർഷത്തെ പത്രിക |
|---|---|---|
| 1 | പുന്നപ്ര തെക്ക് ഗ്രാ. പഞ്ചായത്ത് | രണ്ട് അർദ്ധ വർഷത്തെയും |
| 2 | റയിൽവേ സ്റ്റേഷൻ, പുന്നപ്ര | - ടി- |
| 3 | കാർമ്മൽ കോളേജ് ഓഫ് എഞ്ചിനീയറിംഗ് & ടെക്നോളജി | -ടി- |
| 4 | മണപ്പുറം ഫിനാൻസ് ലി., പുന്നപ്ര | ഒന്ന് |
| 5 | അർബൻ ഹെൽത്ത് ട്രയിനിംഗ് സെന്റർ, അമ്പലപ്പുഴ | രണ്ട് |

തൊഴിൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഒടുക്കുന്നതിനൊപ്പം സമർപ്പിക്കപ്പെടുന്ന പത്രികകളിൽ എല്ലാ ജീവനക്കാരുടെയും ശമ്പള വിവരങ്ങൾ രേഖപ്പെടുത്തിത്തന്നെ സമർപ്പിക്കുവാൻ ആവശ്യപ്പെടേണ്ടതാണ്.

III. താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും അവയുടെ അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി 1250/- രൂപ വരെ സ്ഥാപനത്തിൽ നിന്നും ഈടാക്കാവുന്ന തൊഴിൽ നികുതിയായി ഈടാക്കാമെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കാതിരുന്ന അർദ്ധ വർഷം |
|---|---|---|
| 1 | ഡിസ്ട്രിക് കോപ്പറേറ്റീവ് ബാങ്ക്, പുന്നപ്ര | ഒന്നും രണ്ടും |
| 2 | പുന്നപ്ര വെസ്റ്റ് ക്ഷീരോൽപ്പാദക സഹകരണ സംഘം | ഒന്നും രണ്ടും |

ഈ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാനുള്ള തുക പിഴ സഹിതം ഈടാക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് നൽകേണ്ടതാണ്.

## 2-5 കെട്ടിട നിർമ്മാണ പെർമിറ്റ് - അപാകതകൾ

ഗ്രാമ പഞ്ചായത്ത് കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് നൽകുന്നത് സംബന്ധിച്ച് പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിക്കുന്ന അപേക്ഷ രജിസ്റ്റർ പൂർണ്ണമല്ല. അപേക്ഷകൾ ലഭിക്കുമ്പോൾ അപേക്ഷകന്റെ പേര്, വിലാസം തുടങ്ങിയ വിവരങ്ങൾ, നിർമ്മാണം നടത്താനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ സ്വഭാവം, ഈടാക്കിയ ഫീസ് എന്നിവ രേഖപ്പെടുത്തിപ്പോരുന്നുണ്ട്. എന്നാൽ ചില അപേക്ഷകളിൽ കെട്ടിടത്തിന്റെ എഫ്.എ.ആർ, വ്യാപ്തി എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കൽ വരുത്തുന്നതിനായി ലഭിക്കുന്ന അപേക്ഷകളിൽ നിലവിലുള്ള കെട്ടിടത്തിന്റെ നമ്പർ കൂടി രജിസ്റ്ററിൽ ചേർത്തു കാണുന്നില്ല. മുൻ വർഷങ്ങളിൽ ലഭിച്ച അപേക്ഷകളുടെ കാര്യത്തിൽ, നിർമ്മാണത്തിന് അനുമതി നൽകി മൂന്ന് വർഷം കഴിഞ്ഞ കെട്ടിടങ്ങൾ പണി പൂർത്തിയാക്കി നികുതി നിർണ്ണയം നടത്തിയതിന്റെയോ, നിർമ്മാണ പെർമിറ്റ് പുതുക്കി നൽകിയിട്ടുള്ളതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിക്കാണുന്നില്ല. ഇതു കാരണം നിർമ്മാണാനുമതി ഇല്ലാതെ നിർമ്മാണ പ്രവർത്തികൾ നടക്കുന്നതിനും, നേടിയ അനുമതിയിൽ നിന്നും വ്യതിചലിച്ച് നടത്തിയിട്ടുള്ള നിർമ്മാണങ്ങൾ കണ്ടുപിടിക്കപ്പെടാതെ പോവുന്നതിനും സാധ്യതയുണ്ട്.

പഞ്ചായത്തിൽ നടത്തപ്പെടുന്ന നിർമ്മാണ പ്രവർത്തികൾ വേണ്ട വിധം നിരീക്ഷിക്കുവാൻ ഉതകുന്ന വിധത്തിൽ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 2-6 കാലഹരണപ്പെട്ട സെക്യൂരിറ്റി നിക്ഷേപങ്ങൾ നിലനിർത്തുന്നു

ഗ്രാമ പഞ്ചായത്ത് 2000-01 വർഷം മുതൽ കോൺട്രാക്ടർമാർ, വിതരണക്കാർ, ലേലത്തിൽ പങ്കെടുത്തവർ മുതലായവരിൽ നിന്നും സെക്യൂരിറ്റി നിക്ഷേപമായും നിരത ദ്രവ്യമായും സ്വീകരിച്ച നിരവധി തുകകൾ അതേപടി നിലനിർത്തിപ്പോരുന്നു. നിശ്ചിത സമയത്തിനുള്ളിൽ തിരികെ നൽകപ്പെട്ടിട്ടില്ലാത്തതും കാലഹരണപ്പെട്ടതുമായ ഇത്തരം തുകകൾ പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ മുതൽ കൂട്ടുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഇല്ലാതെ സ്കൂളുകൾ പ്രവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്ത് ഓഡിറ്റ് വർഷം താഴെ പറയുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല എന്ന് ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണം നം.4)

1. കാർമൽ ഇന്റർനാഷണൽ ഇംഗ്ലീഷ് മീഡിയം സ്കൂൾ
2. എം.ഇ.എസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ
3. ശ്രീദേവി ഇംഗ്ലീഷ് മീഡിയം സ്കൂൾ
4. സെന്റ് അലോഷ്യസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ

സ്കൂളുകൾ ഇപ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ അഭാവത്തോടെ പ്രവർത്തിക്കുന്നത് സുരക്ഷിതമല്ല. ജി.ഒ.(പി) 84197/PWD/19.8.1997 ഉത്തരവ് പ്രകാരം സ്കൂളുകളുടെ ഫിറ്റ്നസ് പരിശോധന നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ കൺവീനർമാർക്ക് ബിറ്റുമിൻ ലഭിച്ചു - ഉയർന്ന നിരക്ക് പ്രകാരം ബിൽ തുക അനുവദിച്ചു - 4,63,589/- രൂപ കൺവീനർമാർക്ക് അധികം നൽകി

ഗ്രാമ പഞ്ചായത്തിൽ 2015-16 ൽ നടപ്പാക്കിയ മരാമത്തു വേലകളുടെ എസ്റ്റിമേറ്റ് DSR-2014 പ്രകാരമാണ് തയ്യാറാക്കിയത്. ഇവയിൽ ടാറിംഗ് വേലകളിൽ ടാറിന്റെ (Bitumen VG – 10) വില താഴെ പറയും പ്രകാരമാണ് നിശ്ചയിച്ചത്.

| | |
|---|---|
| ടാർ വില (ടണ്ണിന്) | 50600.00 |
| കാര്യേജ് | 106.49 |
| ആകെ | 50706.49 |
| കോസ്റ്റ് ഇന്റക്സ് (1.4571) സഹിതം | 73884.43/Tonne=രൂപ 73.88/kg |

എന്നാൽ ഈ കാലഘട്ടങ്ങളിൽ ഗുണഭോക്തൃ സമിതികൾക്ക് ഇതിലും വളരെ കുറഞ്ഞ നിരക്കിലാണ് ടാർ ലഭിച്ചിട്ടുള്ളത്. ഗുണഭോക്തൃ സമിതികൾ മുഖേന നടത്തപ്പെടുന്ന വേലകളിൽ യഥാർത്ഥ ചെലവു തുകയിൽ അധികരിക്കുന്ന ബിൽ തുക നല്കേണ്ടതില്ല. ഗുണഭോക്തൃ സമിതികൾ സമർപ്പിക്കുന്ന കണക്കുകളിൽ ടാറിന്റെ വിലയ്ക്ക് മാത്രമാണ് ആധികാരിക രേഖയുള്ളത്. യഥാർത്ഥ ബില്ല് പ്രകാരമുള്ള ടാർ വിലയിൽ അധികരിച്ച തുക ഈയിനത്തിൽ ഗുണഭോക്തൃ സമിതിക്ക് നൽകേണ്ടതില്ല.

DSR-2014 പ്രകാരമുള്ള ടാർ വിലയും മാർക്കറ്റ് വിലയും തമ്മിൽ ഭീമമായ വ്യത്യാസം നിലനിൽക്കുന്നുണ്ട്. ആയതിനാൽ ടാറിന്റെ യഥാർത്ഥ വിലയിൽ അധികരിച്ച് വർക്ക് ബില്ലുകളിൽ ടാർ വിലയിനത്തിൽ കണക്കാക്കിയ തുക കുറവു ചെയ്തു മാത്രമേ ഫൈനൽ ബിൽ നല്കാമായിരുന്നുള്ളൂ. എന്നാൽ 2015-16 കാലഘട്ടത്തിൽ ഗ്രാമ പഞ്ചായത്തിൽ DSR നിരക്കിൽ തയ്യാറാക്കിയ ടാറിംഗ് വേലകളുടെ ബില്ലിൽ നിന്നും ഇപ്രകാരം കുറവു വരുത്താതിരുന്നതു മൂലം കൺവീനർമാർക്ക് അധിക തുക നല്കാനിടയായി.

| ക്രമ നം. | പ്രോജക്ടിന്റെ വിവരം | ടാറിംഗ് വിസ്തീർണ്ണം | ഉപയോഗിച്ച ടാറിന്റെ അളവ് *(3ഇന ത്തിനം കൂടി 3.17kg/m² നിരക്കിൽ)* | ടാറിന് അനുവദിക്കപ്പെട്ട മൂല്യം *(രൂ. 73.88/kg നിരക്കിൽ)* | അനുവദ നീയമായ പരമാവധി മൂല്യം (വാറ്റ് ഉൾപ്പെടെ 5%)ഹാജരാക്കിയ ടാർ ബിൽ പ്രകാരം | ഫൈനൽ ബില്ലിൽ കുറവു ചെയ്യേണ്ടിയിരുന്ന തുക |
|---|---|---|---|---|---|---|
| 1. | പഞ്ചായത്ത് കോളനി സിന്ദൂര റോഡ് മുതൽ കാപ്പിത്തോട് വരെ മെറ്റലിംഗ്,ടാറിംഗ് | 408m² | 1293.36kg | 95553 | 47230 (8 barrel) | 48323 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രോജക്റ്റ് നം. - 80/16<br>അടങ്കൽ - 2,97,000<br>കൺവീനർ - രാജു സി<br>ചെലവ് -289976<br>ബിൽ നം., തീ. - 31/20.01.16<br>എം.ബുക്ക് നം.21/15-16 | | | | | |
| 2. | വിജ്ഞാന പ്രദായനി കണ്ണപ്പശ്ശേരി റോഡ് റീടാറിംഗ്<br>പ്രോജക്റ്റ് നം. 86/16<br>അടങ്കൽ - 158500<br>കൺവീനർ - ശ്രീകുമാർ<br>ചെലവ് - 158269<br>ബിൽ നം., തീ. - 26/14.01.16<br>എം.ബുക്ക് നം.ഇല്ല | $360m^2$ | 1141.2 | 84,312 | 41326<br>(7 barrel) | 42986 |
| 3. | മെമ്പർ റോഡ് ടാറിംഗ്<br>പ്രോജക്റ്റ് നം. - 49/16<br>അടങ്കൽ - 350000<br>കൺവീനർ - ഷംനാദ്.എസ്<br>ചെലവ് 345373-<br>ബിൽ നം., തീ. - 30/14.01.16<br>എം.ബുക്ക് നം.50/15-16 | 492m2 | 1559.64 | 1,15,226 | 59,038<br>(10 barrel) | 56188 |
| 4. | മങ്ങാട് ദേവസ്വം പറമ്പ് റോഡ് ടാറിംഗ്<br>പ്രോജക്റ്റ് നം. - 45/16<br>അടങ്കൽ - 169000<br>കൺവീനർ - മുഹമ്മദ് ബഷീർ<br>ചെലവ് - 168480<br>ബിൽ നം., തീ. - 35/28.01.16<br>എം.ബുക്ക് നം.25/15-16 | $240m^2$ | 760.8 | 56208 | 25,500<br>5 barrel | 30708 |

| | | | | | | |
|---|---|---|---|---|---|---|
| 5. | പഞ്ചായത്ത് കോളനി കാപ്പി തോടിന് കിഴക്കോട്ട് മെറ്റലിംഗ്,ടാറിംഗ്<br>പ്രോജക്ട് നം. -60/16<br>അടങ്കൽ -350000<br>കൺവീനർ - പി.എച്ച് ബാബു<br>ചെലവ് - 345378<br>ബിൽ നം., തീ. - 32/19.01.16<br>എം.ബുക്ക് നം.49/15-16 | $492m^2$ | 1559.64 | 115226 | 59038<br>10 barrel | 56188 |
| 6. | ഗുരുപാദം അഞ്ചൽ റോഡ് മെറ്റലിംഗ്,ടാറിംഗ്<br>പ്രോജക്ട് നം. -22/16<br>അടങ്കൽ - 3,50000<br>കൺവീനർ - മോഹനൻ<br>ചെലവ് -349889<br>ബിൽ നം., തീ. -48/26.03.16<br>എം.ബുക്ക് നം.113/16 | $453m^2$ | $1436.01m^2$ | 106092 | 45325<br>9 barrel | 60767 |
| 7. | സി.എം.എസ് കോമ്പൗണ്ട് നാലുപുരക്കൽ റോഡ് ടാറിംഗ്<br>പ്രോജക്ട് നം. - 48/16<br>അടങ്കൽ - 109500<br>കൺവീനർ -<br>ചെലവ് - 105298<br>ബിൽ നം., തീ. - 53/31.03.16<br>എം.ബുക്ക് നം.37/15-16 | $150m^2$ | $475.5m^2$ | 35130 | 15191<br>3 barrel | 19939 |
| 8. | എസ്.എൻ കോളനി എ.കെ.ജി ജം റോഡ് വരെ മെറ്റലിംഗ്, ടാറിംഗ്<br>പ്രോജക്ട് നം. - 83/16<br>അടങ്കൽ -190000<br>കൺവീനർ - ഷഫീക്ക് | $141m^2$ | $446.97m^2$ | 33022 | 17711<br>3 barrel | 15311 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് - 185175<br>ബിൽ നം., തീ. -23,24/ 14.01.16<br>എം.ബുക്ക് നം.ഇല്ല | | | | | |
| 9. | സുനാമി കോളനി റോഡ് ടാറിംഗ്<br>പ്രോജക്ട് നം. - 113/16<br>അടങ്കൽ - 350000<br>കൺവീനർ - ശ്യാം.എസ്<br>ചെലവ് - 349280<br>ബിൽ നം., തീ. - 46/29.03.16<br>എം.ബുക്ക് നം.40 | $450m^2$ | $1426.5m^2$ | 105390 | 43483<br>9 barrel | 61907 |
| 10. | ശ്രീദേവി ഓഡിറ്റോറിയം പള്ളിപ്പറമ്പ് റോഡ് ടാറിംഗ്<br>പ്രോജക്ട് നം. -111/15<br>അടങ്കൽ - 500000<br>കൺവീനർ - ശ്യാം കുമാർ<br>ചെലവ് - 499972<br>ബിൽ നം., തീ. - 1/15-16/15.07.15<br>എം.ബുക്ക് നം.1/15-16 | $621m^2$ | $1968.57m^2$ | 145438 | 74166<br>11 barrel | 71272 |
| | | | | | | 463589 |

എന്നാൽ ടാറിന്റെ വില വ്യത്യാസം ഫൈനൽ ബില്ലിൽ കുറവു ചെയ്യാതിരുന്നതു മൂലം 463589രൂപ കൺവീനർക്ക് അധികം നല്കാനിടയായി. ഈ അധിക ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക കൺവീനർമാരിൽ നിന്നും തിരിച്ച് പിടിക്കേണ്ടതാണ്.

## 3-2 ടാറിംഗ് പ്രവൃത്തികളിൽ ബിറ്റുമിൻ ബാരലിന്റെ വില കുറവ് ചെയ്തിട്ടില്ല.

തൻവർഷം നടപ്പിലാക്കിയ താഴെ പറയുന്ന ടാറിംഗ് പ്രവൃത്തികളിൽ ഡി.എസ്.ആർ 2014 പ്രകാരമുള്ള VG-10 ബാരൽ ബിറ്റുമിന്റെ നിരക്കായ 50,600 രൂപയോടൊപ്പം കോസ്റ്റ് ഇൻഡക്സ് കൂടി ഉൾപ്പെടുത്തിയുള്ള നിരക്കാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ടി പ്രവൃത്തികളുടെ ബില്ലിൽ നിന്നും ബാരലിന്റെ വില കുറവ് ചെയ്തിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കരാറുകാർ സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലുമാണ് ടാർ സൈറ്റിൽ എത്തിച്ചിരുന്നതെന്ന മറുപടിയാണ് അസി.എഞ്ചിനീയർ നൽകിയത്. പ്രവൃത്തികളിൽ നിന്നും

| | പ്രോജക്ടിന്റെ വിവരം | ഉപയോഗിച്ച ബിറ്റുമിൻ | കുറവ് ചെയ്യേണ്ടിയിരുന്ന | ഈടാക്കേണ്ടിയിരുന്ന നികുതി | ആകെ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | ബാരലിന്റെ എണ്ണം | ബാരൽ വില @238 | @5% | |
| 1. | പഞ്ചായത്ത് കോളനി സിന്ദൂര റോഡ് മുതൽ കാപ്പിത്തോട് വരെ മെറ്റലിംഗ്,ടാറിംഗ് | 8 | 1904 | 95 | 1999 |
| 2. | വിജ്ഞാന പ്രദായനി കണ്ണപ്പശ്ശേരി റോഡ് റീടാറിംഗ് | 7 | 1666 | 83 | 1749 |
| 3. | മെമ്പർ റോഡ് ടാറിംഗ് | 10 | 2380 | 119 | 2499 |
| 4. | മങ്ങാട് ദേവസ്വം പറമ്പ് റോഡ് ടാറിംഗ് | 5 | 1190 | 60 | 1250 |
| 5. | പഞ്ചായത്ത് കോളനി കാപ്പി തോടിന് കിഴക്കോട്ട് മെറ്റലിംഗ്,ടാറിംഗ് | 10 | 2380 | 119 | 2499 |
| 6. | ഗുരുപാദം അഞ്ചൽ റോഡ് മെറ്റലിംഗ്,ടാറിംഗ് | 9 | 2142 | 107 | 2249 |
| 7. | സി.എം.എസ് കോമ്പൗണ്ട് നാലുപുരക്കൽ റോഡ് ടാറിംഗ് | 3 | 714 | 36 | 750 |
| 8. | എസ്.എൻ കോളനി എ.കെ.ജി ജം റോഡ് വരെ മെറ്റലിംഗ്,ടാറിംഗ് | 3 | 714 | 36 | 750 |
| 9. | സുനാമി കോളനി റോഡ് ടാറിംഗ് | 9 | 2142 | 107 | 2249 |
| 10. | ശ്രീദേവി ഓഡിറ്റോറിയം പള്ളിപ്പറമ്പ് റോഡ് ടാറിംഗ് | 11 | 2618 | 131 | 2749 |
| | | | 17136 | 1607 | 18743 |

മേൽ പ്രവൃത്തികളിൽ നിന്നും ബാരൽ വില,നികുതി എന്നിവ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക ഈടാക്കി ബാരൽ വില 17136 പഞ്ചായത്ത് ഫണ്ടിലും നികുതി 1607 ബന്ധപ്പെട്ട വകുപ്പിലും ഒടുക്ക് വരുത്തേണ്ടതാണ്.

## 3-3 പൈപ്പ് കംപോസ്റ്റ് - പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണം - അസിസ്റ്റന്റ് എഞ്ചിനീയർ

2013-14 വർഷം ആരംഭിച്ച് ഇപ്പോഴും തുടർന്ന് വരുന്ന പദ്ധതിയാണിത്. ടെണ്ടർ രജിസ്റ്റർ പ്രകാരം 11.12.2013ൽ നടന്ന ടെണ്ടറിൽ കാട്ടൂർ സോഷ്യോ എക്കണോമിക് യൂണിറ്റ് (832/each), റെയ്ഡ്കോ (824/each) എന്നിവർ പങ്കെടുത്തതായും അതിൽ കുറവ് നിരക്ക് ക്വോട്ട് ചെയ്ത റെയ്ഡ്കോയുടെ ടെണ്ടർ അംഗീകരിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. മേൽ പദ്ധതിക്കായി ആകെ (2015-16) ചെലവഴിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിന്റെ വിവരം | ചെലവഴിച്ച തുക | ചെക്ക് നം,തീയതി |
|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 309000 | 303893/13.07.15 |
| നിർമ്മൽ പുരസ്കാർ | 62000 | |
| ഗുണഭോക്തൃ വിഹിതം | 41000 | 16623/13.07.15 |
| | 412000 | |

പ്രോജക്റ്റ്, സ്ഥാപനവുമായി ചമച്ച കരാർ,പൈപ്പ് കംപോസ്റ്റ് വിതരണം നടത്തിയതിന്റെ ബിൽ ഉൾപ്പെടെയുള്ള അനുബന്ധ ഫയൽ ഓഡിറ്റിൽ ഹാജരാക്കിയില്ല. ഡി.ഡി രജിസ്റ്ററിൽ 3,87,280 രൂപ റെയ്ഡ്കോ കൈപ്പറ്റിയതിന്റെ രസീത് വെച്ചിട്ടുണ്ട്. 24720 രൂപ (412000-387280) ഏതിനത്തിലുള്ള ചെലവാണെന്ന് വ്യക്തമല്ല. റെയ്ഡ്കോയുടെ ബില്ല്, പൈപ്പ് കംപോസ്റ്റ് വിതരണ രജിസ്റ്റർ എന്നിവ ഹാജരാക്കാത്തതിനാൽ എത്ര പൈപ്പ് കംപോസ്റ്റ് വിതരണം നടത്തിയെന്ന് വ്യക്തമല്ല.

ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചെടുത്തതും ചെലവഴിച്ചതുമായ തുകയുടെ വിവരം താഴെ കൊടുക്കുന്നു

| പിരിച്ചെടുത്ത തുക | | ആകെ പിരിച്ചെടുത്ത തുക | ചെലവഴിച്ച തുക | |
|---|---|---|---|---|
| 2014-15 | 2015-16 | | 2014-15 | 2015-16 |
| 45000<br>(500x90/-) | 40590<br>(451x90/-) | 85590 | 0 | 41,000 |

ആകെ 85590രൂപ പിരിച്ചെടുത്തതിൽ ചെലവഴിച്ചത് 41,000 രൂപ മാത്രമാണ്. 2015-16 വർഷം 451 പേരിൽ നിന്നും ഈടാക്കിയ തുക തനത് ഫണ്ടിൽ ബാലൻസ് നിൽക്കുന്നു. പദ്ധതി തുടർന്ന് നടപ്പിലാക്കുന്നില്ലെങ്കിൽ തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്. അനുബന്ധ രേഖകൾ ഓഡിറ്റിൽ ഹാജരാക്കാത്ത സാഹചര്യത്തിൽ 412000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പദ്ധതിയുടെ വിശദമായ അന്വേഷണത്തിന് ഭരണവകുപ്പിനെ ചുമതലപ്പെടുത്തുന്നു.

## 3-4 തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജ്

ഗ്രാമ പഞ്ചായത്തിൽ കഴിഞ്ഞ വർഷം മൂന്ന് പദ്ധതികൾ മുഖേന പുതിയ തെരുവ് വിളക്കുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇതെ തുടർന്ന് തെരുവ് വിളക്കുകളുടെ വൈദ്യുത ചാർജ്ജിൽ ഇരട്ടിയിലേറെ വർദ്ധനയുണ്ടായിട്ടുണ്ട്. വർഷാരംഭത്തിൽ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ പ്രതിമാസ വൈദ്യുത ചാർജ്ജ് 39473/- രൂപയായിരുന്നു.

തുടർന്ന് കെ.എസ്.സി.ഡി.ഡി.സി യുടെ മത്സ്യ ഗ്രാമം പദ്ധതിപ്രകാരം 328 എണ്ണം 40 x 2 ട്യൂബ് ലൈറ്റുകൾ സ്ഥാപിച്ചു. ഇതിനു ശേഷം പഞ്ചായത്തിലെ തെരുവ് 8/15 മുതൽ 80,145/-രൂപ പ്രകാരം ഈടാക്കുന്നു. 56,സാധാരണ ബൾബുകൾ, 514 എണ്ണം 2x40 ട്യൂബ് ലൈറ്റുകൾ ഉൾപ്പടെയുള്ളതിനാണ് ഈ നിരക്ക്.

സാധാരണ ബൾബുകൾക്കും, ട്യൂബ് ലൈറ്റുകൾക്കും സി.എഫ്.എൽഎൽ.ഇ.ഡി ലൈറ്റുകളേക്കാൾ വൈദ്യുതി ചാർജ്ജ് അധികമാണ്. സംയുക്ത പരിശോധന നടത്തി യഥാർത്ഥത്തിൽ ഉപയോഗിക്കുന്ന തരം വൈദ്യുത വിളക്കുകളുടെ

വൈദ്യുത ചാർജ്ജ് അടവാക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് നൽകേണ്ടതാണ്.

## 3-5 ഫ്രണ്ട് ഓഫീസ് സംവിധാനത്തിന് പര്യാപ്തമായ സൗകര്യങ്ങളില്ല.

ഗ്രാമ പഞ്ചായത്തിൽ നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം വളരെ പരിമിതമായ സൗകര്യത്തിലാണ് പ്രവർത്തിച്ചു പോരുന്നത്. ഗ്രാമ പഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്)123/2009/ത.സ്വ.ഭ.വ തീയതി 02.07.2009 ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുജനങ്ങൾക്കായി ഏർപ്പെടുത്തേണ്ട ഭൗതിക സൗകര്യങ്ങൾ ഒന്നും തന്നെ പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടില്ല. ഫ്രണ്ട് ഓഫീസിൽ നിന്നും പൊതുജനങ്ങൾക്ക് ലഭ്യമാവുന്ന സേവനങ്ങൾ, അതിനുള്ള നിബന്ധനകൾ, യോഗങ്ങൾ എന്നിവ സംബന്ധിച്ച് പ്രദർശിപ്പിക്കേണ്ട ബോർഡുകൾ പ്രദർശിപ്പിച്ചിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ ഭരണ നിർവ്വഹണവും പൊതുജനങ്ങൾക്കായി നൽകുന്ന സേവനങ്ങളും യഥാസമയം കാര്യക്ഷമവും ഫലപ്രദവുമായി ജനങ്ങളിലേക്ക് എത്തിക്കുന്നതിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ഒരു ഫ്രണ്ട് ഓഫീസ് സംവിധാനം അനിവാര്യമാണ്. ആയതിനാൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ടുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കുന്നതിന് ഗ്രാമ പഞ്ചായത്ത് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടത് അത്യാവശ്യമാണ്.

ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ,ഫ്രണ്ട് ഓഫീസ് ഡയറി എന്നിവ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വിവരങ്ങൾ പൂർണ്ണമല്ല. ഫ്രണ്ട് ഓഫീസ് ഡയറി എന്ന പേരിൽ ഈ കാലയളവിൽ രണ്ട് രജിസ്റ്ററുകളാണുള്ളത്. ഓരോ ദിവസവും ഡ്യൂട്ടി ചെയ്യുന്നവർ അതാത് ദിവസം നൽകുന്ന സേവനങ്ങളുടെ വിവരം അവർക്ക് സൗകര്യമുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തുന്നു. സൂപ്പർവൈസിംഗ് ഓഫീസർ അത് സാക്ഷ്യപ്പെടുത്തുന്നില്ല. ഏതാനും സെക്ഷനുകൾ തൻപതിവേട് സൂക്ഷിക്കുന്നുണ്ടെങ്കിലും കൃത്യമായും പൂർണ്ണമായും എഴുതി തയ്യാറാക്കിയിട്ടില്ല. മാസം തിരിച്ച് തപാലുകൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പല മാസങ്ങളിലേത് ഇടകലർത്തി എഴുതിപ്പോരുന്നു. മാസം തിരിച്ച് തപാലുകൾ രജിസ്റ്ററിൽ ചേർക്കേണ്ടതും മാസാന്ത്യം സംക്ഷിപ്തം എഴുതി സൂപ്പർവൈസറുടെ സാക്ഷ്യപ്പെടുത്തൽ വരുത്തി സൂക്ഷിക്കേണ്ടതുമാണ്.

## 3-6 റ്റി.എ – യഥാസമയം ക്ലെയിം ചെയ്യാത്ത ബില്ലുകൾ അനുവദിക്കുന്നു.

പ്രസിഡന്റിന്റെ 12/13 മുതൽ 8/15 വരെയുള്ള റ്റി.എ ബിൽ തുക 13,165 രൂപ വൗച്ചർ നം. 695/13.01.16 (ചെക്ക് നം. 3318) പ്രകാരം അനുവദിച്ചിട്ടുണ്ട്. ഈ ക്ലെയിം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിരിക്കുന്നത് 18.09.2015 ലാണ്. കേരള ഫിനാൻഷ്യൽ കോഡ് Vol.1 ആർട്ടിക്കിൾ 53 പ്രകാരം യാത്ര നടത്തി ഒരു വർഷത്തിനകം ക്ലയിം സമർപ്പിച്ച് രണ്ട് വർഷത്തിനകം തുക മാറിയെടുത്തില്ലെങ്കിൽ യാത്രാപ്പടിയ്ക്ക് അർഹത നഷ്ടപ്പെടുന്നതാണ്. എന്നാൽ 12/13 മുതൽ 8/14 വരെയുള്ള കാലയളവിലെ ക്ലെയിം നൽകിയിരിക്കുന്നത് യാത്ര കഴിഞ്ഞ് ഒരു വർഷത്തിന് ശേഷവും 12/13 ലെ തുക അനുവദിച്ചിരിക്കുന്നത് 1/16 ലുമാണ്. യാത്ര നടത്തി ഒരു വർഷത്തിനകം ക്ലെയിം നൽകാത്ത 12/13 മുതൽ 8/14 വരെയുള്ള കാലയളവിലെ യാത്രാപ്പടി അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലയിൽ ടിയാൻ ധാരാളം യാത്രകൾ നടത്തിയിട്ടുണ്ടെങ്കിലും അതിന്റെ പത്തിലൊരു ഭാഗം പോലും ക്ലെയിം ചെയ്തിട്ടില്ല എന്നത് പരിഗണിച്ചാണ് ഈ കാലയളവിലെ റ്റി.എ അനുവദിച്ചത് എന്നുള്ള മറുപടി തൃപ്തികരമല്ല. സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം മാത്രം ബില്ലുകൾ മാറാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 തനത് ഫണ്ടിൽ നിന്നുള്ള അനാവശ്യ ചെലവുകൾ ഒഴിവാക്കപ്പെടേണ്ടതാണ്.

വൗച്ചർ നം.723/27.01.16 - അയൽ സഭ രജിസ്റ്റർ 100 എണ്ണം പ്രിന്റ് ചെയ്തതിന് 17,500/- (ചെക്ക് നം. 3338) ടോൺ ഓഫ് സെറ്റ് പ്രിന്റേഴ്സിന് നൽകിയിട്ടുണ്ട്. പഞ്ചായത്തിന്റെ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക്, വിതരണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇപ്രകാരം പ്രിന്റിംഗ് നടത്തിയതിന്റെ ആവശ്യകത വിശദീകരിക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ഒരു സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിൽ ഹാജരാക്കുകയുണ്ടായി. അത് പ്രകാരം 57 എണ്ണം വിവിധ അയൽക്കൂട്ടങ്ങൾക്ക് വിതരണം നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. രേഖപ്പെടുത്തലുകളുള്ള അയൽ സഭ രജിസ്റ്റർ ഓഡിറ്റിൽ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

വൗച്ചർ നം. 868/08.03.16 - എൽ.ഡി.സി മാരുൾപ്പെടെ ഗ്രാമപഞ്ചായത്തിലെ 13 ജീവനക്കാർക്ക് സീൽ നിർമ്മിക്കുന്നതിന് പഞ്ചായത്ത് ഫണ്ടിൽ നിന്നും 1560 രൂപ ചെലവഴിച്ചു. എൽ.ഡി.സി, യു.ഡി.സി തസ്തികയിലുള്ളവർക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് സീൽ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത വ്യക്തമല്ല. ഇത്തരത്തിലുള്ള അനാവശ്യ ചെലവുകൾ ഭാവിയിൽ ഒഴിവാക്കപ്പെടേണ്ടതാണ്.

## 3-8 അസാധാരണ ചെലവ്-നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടുന്നില്ല

പഞ്ചായത്ത് ദിനാഘോഷം, വിവിധ ഉത്ഘാടന ചെലവുകൾ എന്നിവക്കായി ധാരാളം തുകകൾ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 16.02.06ലെ ജി.ഒ.എം.എസ്.58/06/തസ്വഭവ ഉത്തരവ് പ്രകാരമുള്ള അസാധാരണ ചെലവുകൾക്ക് പ്രത്യേക രജിസ്റ്റർ വെച്ച് ചെലവുകൾ രേഖപ്പെടുത്തുകയോ ചെലവ് കണക്കുകൾ ഗ്രാമസഭകളിൽ അവതരിപ്പിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ മിച്ച ഫണ്ടിന്റെ 10% എന്ന പരിധി പാലിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-9 തെരുവു നായ്ക്കളുടെ നിയന്ത്രണം- തുക വിനിയോഗിച്ചിട്ടില്ല

പ്രോജക്ട് നം-SO104/15-16

| | |
|---|---|
| ചെലവ്-200000രൂ, | ബിൽ നം-2/15-16, 27-2-16<br>ബിൽ നം-3/15-16, 27-2-16 |

പ്രസ്തുത പ്രോജക്ടിനായി വകയിരുത്തിയ 200000 രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പിൻവലിച്ച് നിർവഹണ ഏജൻസിയായ ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട് (ഡി.ഡി.നം-269236/2-3-16,155440രൂ, ഡി.ഡി.നം-269234/2-3-1, 44560രൂ). എന്നാൽ പ്രോജക്ട് നാളിതുവരെ നടപ്പാക്കിയിട്ടില്ല. ആയത് പൂർത്തിയാകുന്ന മുറക്ക് തുകയുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. തുക 200000 രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 മീഡിയാശ്രീ -ചിത്രത്തിന്റെ പകർപ്പ് ലഭ്യമായിട്ടില്ല

പ്രോജക്ട് നം-SO108/16

ചെലവ്-65000

ബിൽ നം-6/15-16,28-7-15

തദ്ദേശ സ്വയംഭരണ സ്ഥാപനത്തെക്കുറിച്ച് ഡോക്യുമെന്ററി ചിത്രം നിർമ്മിക്കുന്നതിന് വിഭാവനം ചെയ്യുന്ന മീഡിയാശ്രീ പദ്ധതിക്കായി നിർവഹണ ഏജൻസിയായ കുടുംബശ്രീ യുടെ എക്സി.ഡയറക്ടർ പേർക്ക് ഡിഡി നം 262071/23-7-15പ്രകാരം 65000രൂ ഒടുക്കി. കുടുംബശ്രീയുടെ ആലപ്പുഴ ജില്ലാ കോ-ഓർഡിനേറ്ററും ഗ്രാമപഞ്ചായത്തു സെക്രട്ടറിയുമായി 31-7-15ൽ ഏർപ്പെട്ട കരാർ പ്രകാരം തിരക്കഥ അംഗീകരിച്ച കത്തും തുകയും ലഭിച്ചുകഴിഞ്ഞ് 60 ദിവസത്തിനകം ഡോക്യുമെന്ററി ചിത്രത്തിന്റെ പത്ത് പകർപ്പുകൾ ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടിയിരുന്നു. എന്നാൽ ഇതിന്റെ ഷൂട്ടിംഗ് കഴിഞ്ഞു എങ്കിലും നാളിതുവരെ ചിത്രത്തിന്റെ പകർപ്പുകൾ (സിഡി) ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണംനം-1/3-1-17 ന് നൽകിയ മറുപടിയിൽ സിഡി എത്രയും വേഗം ലഭ്യമാക്കുന്നതിലേക്കായി കുടുംബശ്രീക്ക് കത്ത് നൽകുന്നതാണെന്ന് അറിയിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ 65000 രൂ തടസപ്പെടുത്തുന്നു.

## 3-11 ആശ്രയാ ഭവനനിർമാണം- പണിപൂർത്തിയായിട്ടില്ല.

പ്രോജക്ട് നം-SO9/15-16

| | |
|---|---|
| തുക-100000 | ബിൽ നം-12/15-16,16-3-16 |

| | |
|---|---|
| | ബിൽ നം 16/15-16 ,28-3-16 |

പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഭവന നിർമാണത്തിനായി ആശ്രയ ഗുണഭോക്താവായ ശ്രീമതി.അന്നമ്മ സേവ്യർ, പുതുപ്പറമ്പിൽ എന്നയാളിന് ഒന്നാം ഗഡുവായി 25000 രൂപയും രണ്ടാംഗഡുവായി 75000 രൂപയും അനുവദിച്ചു. എന്നാൽ വീട്ടുപണി പൂർത്തിയാക്കി ബാക്കി തുക ടിയാൾ കൈപ്പറ്റിയിട്ടില്ല. ഭവനനിർമാണം പൂർത്തിയാക്കി ബാക്കി തുക അനുവദിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 സമഗ്ര തെങ്ങുകൃഷിവികസനം-മാർഗ്ഗരേഖയിൽ ഉൾപ്പെടുത്താത്ത ഇനത്തിന് സബ്സിഡി

പ്രോജക്ട് നം-SOO13/15

ചെലവ്-392670 രൂ (ബിൽ നം-6/15-16)

പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി തെങ്ങിൻ തൈ, ജൈവവളം, വാഴവിത്ത്, പച്ചക്കറി വിത്ത്, കിഴങ്ങുവർഗ്ഗകിറ്റ്, മരച്ചീനിതണ്ട്, എലിക്കെണി എന്നിവ കൃഷിഭവൻ മുഖേന വാങ്ങി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

ഒരു എലിക്കെണിക്ക് 283.5 രൂപക്ക് RAIDCO യുടെ ആലപ്പുഴ ഏജൻസിയിൽ നിന്നും ബിൽ നം-1071/15-16 /15-3-16പ്രകാരം100 എണ്ണം വാങ്ങുകയും ഇതിന് 13350 രൂ സബ്സിഡിയിനത്തിൽ സ്ഥാപനത്തിൽ അടക്കുകയും ചെയ്തു (സബ്സിഡി നിരക്ക് 47.08%). എന്നാൽ 30-12-13 ലെ സബ്സിഡി മാർഗ്ഗരേഖ GO(MS)395/13, തസ്വഭവ നം ഉത്തരവിൽ എലിക്കെണി സബ്സിഡി ആയി ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-11/9-1-17 ന നൽകിയ മറുപടിയിൽ ഈ പഞ്ചായത്തിൽ എലി പോലെയുള്ള ജീവികളുടെ ശല്യം വളരെക്കൂടുതലാണെന്നും എലിവിഷം ധാരാളമായി ഉപയോഗിക്കുന്നത് പരിസ്ഥിതിപ്രശ്നങ്ങൾ ഉണ്ടാക്കുമെന്നും അറിയിക്കുകയുണ്ടായി. ഭാവിയിൽ മാർഗ്ഗരേഖയിൽ ഉൾപ്പെടാത്ത ഇനങ്ങൾ ഉൾപ്പെടുത്തുമ്പോൾ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതാണ്.

## 3-13 പാലിയേറ്റീവ് കെയർ– സർക്കാർ ഉത്തരവ് പൂർണ്ണമായും പാലിച്ചിട്ടില്ല

29-10-15 ലെ ജി.ഒ (ആർ.ടി) 3217/15, LSGD നം സർക്കാർ ഉത്തരവിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ടു മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് ഓരോ മാസത്തേയും പ്രതിമാസ അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും വിലയിരുത്തി അംഗീകരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട് (GO(MS)228/12,LSGD,23-8-12 ഉത്തരവിൽ മൂന്ന് മാസത്തിലൊരിക്കൽ). എന്നാൽ പ്രസ്തുത കമ്മിറ്റി 26-2-15 ന ശേഷം 30-6-15, 10-2-16, 22-3-16 എന്നീ തീയതികളിൽമാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. 22-3-16 ലെ മിനിറ്റ്സിൽ കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങളുടെ പേരു വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തീരുമാനങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ടി കമ്മിറ്റികളിലൊന്നും തന്നെ പ്രതിമാസ വരവ്-ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടില്ല. സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 3-14. പാലിയേറ്റീവ് കെയർ നിർവഹണക്കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ടു കൊണ്ടുപോകുന്നതിനായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ ചെയർമാനായുംമെഡിക്കലാഫീസർ കൺവീനറായും ഒരു പാലിയേറ്റീവ് കെയർ നിർവഹണക്കമ്മിറ്റി രൂപീകരിക്കണമെന്നും എല്ലാമാസവും 5-ാം തീയതിക്കു മുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവഹണം വിലയിരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശമുണ്ട്. എന്നാൽ പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടില്ല._സർക്കാർ ഉത്തരവിലെ നിർദേശം പാലിക്കേണ്ടതാണ്

## 3-15 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ യഥാസമയം ലഭ്യമാകുന്നില്ല.

പ്രോജക്ട് നം-SO19/15-16

ചെലവ്-500000രൂ ( ബിൽ നം-3/15-16,29-1-16)

മരുന്ന് വാങ്ങലിനായി ഔഷധിയുമായി 10-2-16 ൽ കരാർ വച്ച് 500000 രൂ ഡി.ഡി നം-273195/1-2-16 പ്രകാരം ടി സ്ഥാപനത്തിന് മുൻകൂർ നൽകി. 28-11-10 ലെ 13160/DA-1/2010, ത.സ്വ.ഭ.വ സർക്കുലറിൽ ഔഷധിയിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മരുന്നുകൾ വാങ്ങുമ്പോൾ 60 ദിവസത്തിനകം വിതരണം ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മരുന്നുകൾ ലഭ്യമായിട്ടുള്ളത് ചുവടെ ചേർക്കും പ്രകാരം വിവിധ ഘട്ടങ്ങളായിട്ടാണ് .

| ഇൻവോയിസ് നം,തീയതി | മരുന്ന് ലഭ്യമായതീയതി | വില (രൂ) |
|---|---|---|
| 3436/31-3-16 | 25-4-16 | 33471 |
| 577/21-6-16 | 5-7-16 | 34094 |
| 590/27-6-16 | 5-7-16 | 3067 |

സർക്കുലറിലെ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-16 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം

ഗ്രാമപഞ്ചായത്തിൽ ആകെ 26 അങ്കണവാടികൾ ഉള്ളതിൽ സ്വന്തമായി സ്ഥലം /കെട്ടിടമുള്ളത് 17അങ്കണവാടികൾക്ക് മാത്രമാണ്. 17 അങ്കണവാടികൾക്ക് ചുറ്റുമതിൽ, കുടിവെള്ളസൗകര്യങ്ങളുണ്ട്. ഇവയെല്ലാം വൈദ്യുതീകരിച്ചതുമാണ്. 16എണ്ണത്തിന് ടോയ് ലറ്റ് സൗകര്യം ഉണ്ട്. 9അങ്കണവാടികൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഐസിഡിഎസ് കേന്ദ്ര വിഹിതമിനത്തിൽ 15-16 വർഷം 161813 രൂപ ബാക്കിനിൽക്കുന്നതായി വാർഷികക്കണക്കിൽ കാണിച്ചിട്ടുണ്ട്. ടി തുക അങ്കണവാടികളുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി ഉപയോഗിക്കാവുന്നതാണ്. ഗ്രാമ പഞ്ചായത്തിലെ എല്ലാ അംഗനവാടികൾക്കും സ്വന്തമായി സ്ഥലസൗകര്യം, കെട്ടിടം, ബേബി ഫ്രണ്ട് ലി ടോയ് ലറ്റ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിയ്ക്കുന്നതിന് അടിയന്തിരമായി തന്നെ കർമ്മ പദ്ധതി തയ്യാറാക്കി നടപ്പാക്കേണ്ടതാണ്.

15-16 വർഷം അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. എല്ലാ വർഷവും അങ്കണവാടികളുടെ ഫിറ്റ്നസ് പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിന്

## 3-17 വാറ്റ് - ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കുവരുത്തിയില്ല

വാർഷിക കണക്ക് പ്രകാരം മറ്റ് വകുപ്പുകളിൽ ഒടുക്കേണ്ടുന്ന താഴെ പറയുന്ന തുകകൾ ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കിയിട്ടില്ല എന്ന് കാണുന്നു.

| ഇനം | തുക |
|---|---|
| വാറ്റ് | 1137 |
| വാറ്റ് | 1213 |
| | 2350 |

മേൽ തുകകൾ ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കേണ്ടതാണ്

സറണ്ടർ ആനുകൂല്യമായി അധിക തുക നൽകി-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക തിരികെ ഒടുക്കി.

വൗച്ചർ നം . 21500489 /30.10.15 രൂ.9000/-

ഗ്രാമ പഞ്ചായത്തിൽ കരാറടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റായി ജോലി ചെയ്ത ശ്രീ. സജിത്ത്. ജി. ആർ- ന് 20 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ആനുകൂല്യമായി 9000/- രൂപ അനുവദിച്ചിട്ടുണ്ട് (450x20). എന്നാൽ ടി യാളുടെ ക്രഡിറ്റിൽ 15 ദിവസത്തെ ആർജ്ജിതാവധി മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആയതിനാൽ അഞ്ചു ദിവസത്തെ ശംബളം ആയ

രൂ.2250/- (450x5) അധികം നൽകി. ഇപ്രകാരം അധികം നൽകിയ തുക രൂ.2250/- ഈ വിഷയത്തിൻ മേൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.13 നെ തുടർന്ന് രസീത് നം.11601102693 തീ.11.01.2017 പ്രകാരം ശ്രീ.സജിത്ത് തിരികെ ഒടുക്കി.

## 3-18 വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനു നൽകിയ ധനസഹായം - തുക തടസ്സപ്പെടുത്തുന്നു

വൗച്ചർ നം. 21500489 തീയതി . 30.10.2015 തുക – രൂ.30000/-

വിധവകളായ സ്ത്രീകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായമായി ശ്രീമതി.ലത.എം., കാട്ടുക്കാരൻ വീട്, പൂന്നപ്ര പി.ഒ എന്നയാൾക്ക് 30000/- നൽകിയിട്ടുണ്ട്. ഇപ്രകാരം ധന സഹായം നൽകിയതിൽ താഴെ പറയും പ്രകാരമുള്ള അപാകതകൾ കാണുന്നു.

ശ്രീമതി.ലത സാമ്പത്തികമായി പിന്നാക്കാവസ്ഥയിൽ ഉള്ള ആളാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. ടിയാളുടെ അപേക്ഷയിൽ വാർഷിക വരുമാനം 6000/- രൂപയാണെന്നാണ് കാണിച്ചിട്ടുള്ളത്. എന്നാൽ ഇത് അംഗീകരിച്ചതായി സെക്രട്ടറിയോ വാർഡ് മെമ്പറോ അപേക്ഷയിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. അപേക്ഷയോടൊപ്പം വരുമാനം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. അപേക്ഷകയോടൊപ്പം സമർപ്പിച്ചിട്ടുള്ള റേഷൻ കാർഡിന്റെ പകർപ്പിൽ എ.പി.എൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അമ്പലപ്പുഴ തെക്ക് ഗ്രാമ പഞ്ചായത്തിൽ നിന്നും നൽകിയിട്ടുള്ള വിവാഹ സർട്ടിഫിക്കറ്റിൽ വധുവായ മാളു.കെ.മധു - ന്റെ തൊഴിൽ ' സോഫ്റ്റ് വെയർ എഞ്ചിനീയർ ' എന്ന് കാണിച്ചിരിക്കുന്നു. കൂടാതെ ധന സഹായം നൽകുവാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനം എടുത്തതിന്റെ രേഖകളും ലഭ്യമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/10.01.2017) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ചെലവു തുകയായ രൂ.30000/- തടസ്സപ്പെടുത്തുന്നു.

## 3-19 വാട്ടർ അതോറിറ്റിക്ക് നൽകുവാനുള്ള വെള്ളക്കരം കുടിശ്ശിക

ഗ്രാമ പഞ്ചായത്ത് നിലവിലുള്ള571 പൊതു ടാപ്പുകളുടെ വെള്ളക്കരം ആയി പ്രതിമാസം 249813/- രൂപ വാട്ടർ അതോറിറ്റിക്ക് നൽകുന്നുണ്ട്. എന്നാൽ പ്രതിമാസ വെള്ളക്കരം ഒടുക്കാത്തതു കാരണം 2016 ഡിസംബർ വരെ 6315945/- രൂപ കുടിശ്ശികയായി നിൽക്കുന്നു. ഇതിൽ 116792/- രൂപ പിഴയായി നൽകേണ്ട തുകയാണ്.

2015-16 വർഷം പഞ്ചായത്ത് മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ചെലവഴിച്ച് 1000000/- രൂപ വെള്ളക്കരം ഒടുക്കിയിട്ടുണ്ട് (പ്രൊജക്ട് നം.21/2016, ബിൽ നം.06/2015-16 & 22/15-16, ഡിഡി. നം. 262085/23.07.2015). വേറേ തുകയൊന്നും വെള്ളക്കരം ഒടുക്കുന്നതിനായി ചെലവഴിച്ചിട്ടില്ല. തനതു വരുമാനം താരതമ്യേന കുറവുള്ള പഞ്ചായത്ത് ഇപ്പോഴുള്ള വെള്ളക്കരം ഒടുക്കുന്നതിനായി ബുദ്ധിമുട്ട് അനുഭവിക്കുന്നതായി കാണാം. എല്ലാ ഗ്രാമപഞ്ചായത്തുകളും, നഗരസഭകളും തങ്ങളുടെ സ്ഥാപനത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജലഅതോറിറ്റിയുടെ

സഹായത്തോടെ സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ അവസ്ഥയും,എണ്ണവും തിട്ടപ്പെടുത്തണമെന്ന സർക്കാർ നിർദ്ദേശം (സ.ഉ.(സാധരണ)നം.1275/2009/തസ്വഭവ,തീ.30.05.2009) ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയിട്ടില്ല.

2011-12 മുതൽ 2015-16 വരെ വിവിധ പദ്ധതികളിലൂടെ പഞ്ചായത്ത് 1223 ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകിയെങ്കിലും ഈ കാലയളവിൽ 18 പൊതു ടാപ്പുകൾ മാത്രമേ നീക്കം ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളൂ. കൂടുതൽ ഗാർഹിക കണക്ഷനുകൾ നൽകിയും കഴിയുന്നത്ര പൊതു ടാപ്പുകൾ നീക്കം ചെയ്തും വെള്ളക്കരം വലിയ ബാധ്യതയെന്ന നിലയിൽ നിന്നും കുറച്ചു കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്തി താരിഫ് പുനക്രമീകരിക്കുന്നതിന് ഭരണസമിതി അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-20 ഓഡിറ്റ് ഇംപാക്ട്

ബിൽഡിംഗ് പെർമിറ്റ് ഫീസ് കുറഞ്ഞ നിരക്കിൽ ഈടാക്കിയത് -ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക തിരികെ ഒടുക്കി

2015-16 വർഷം ബിൽഡിംഗ് പെർമിറ്റിനായി ലഭിച്ച അപേക്ഷകളുടെ പരിശോധനയിൽ താഴെ പറയും പ്രകാരം അപേക്ഷകനിൽ നിന്നും ഈടാക്കിയ പെർമിറ്റ് ഫീസിൽ കുറവ് സംഭവിച്ചിരുന്നു.

| അപേക്ഷകന്റെ പേര് വിവരം | നൽകിയ പെർമിറ്റ് നമ്പർ | നിർമ്മാണത്തിന്റെ വിസ്തൃതി | ഈടാക്കിയ ഫീസ് | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഫീസ് ഈടാക്കിയതിലെ കുറവ് |
|---|---|---|---|---|---|
| വികാരി, സെന്റ് ഗ്രിഗോറിയസ് ചർച്ച്, പുന്നപ്ര | A4. 764/14 dtd. 16.02.16 | 1035.17 $M^2$ | 3108 രൂ. | 5176 രൂ. | 2068 രൂ. |

ടി നിർമ്മാണത്തിന്റെ വിനിയോഗ ഗണം പാർപ്പിടസ്ഥലം ( A1) എന്ന് കണക്കാക്കി ചതുരശ്ര മീറ്ററിന് 3 രൂപ നിരക്കിലാണ് ഫീസ് ഈടാക്കിയത്. എന്നാൽ പൂവർ ഹോം നടത്തിപ്പിനായി ഉദ്ദേശിക്കപ്പെടുന്ന ടി കെട്ടിടം A2 എന്ന വിനിയോഗ ഗണത്തിൽ പെടുത്തി ചതുരശ്ര മീറ്ററിന് 5 രൂപ നിരക്കിൽ വേണ്ടിയിരുന്ന ഫീസ് കണക്കാക്കുവാൻ. ഇപ്രകാരം കുറവായി ഈടാക്കിയ തുക 2068/- രൂപ ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 11.01.2016 തീയതിയിൽ രസീത് നം.11601102687 പ്രകാരം കെട്ടിട ഉടമയിൽ നിന്നും ഈടാക്കിയിട്ടുണ്ട്

സറണ്ടർ ആനുകൂല്യമായി അധിക തുക നൽകി-ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തുക തിരികെ ഒടുക്കി.

വൗച്ചർ നം . 21500489 /30.10.15 രൂ.9000/-

ഗ്രാമ പഞ്ചായത്തിൽ കരാറടിസ്ഥാനത്തിൽ ടെക്നിക്കൽ അസിസ്റ്റന്റായി ജോലി ചെയ്ത ശ്രീ. സജിത്ത്. ജി. ആർ-ന് 20 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ആനുകൂല്യമായി 9000/- രൂപ അനുവദിച്ചിട്ടുണ്ട് (450x20). എന്നാൽ ടിയാളുടെ ക്രഡിറ്റിൽ 15 ദിവസത്തെ ആർജ്ജിതാവധി മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആയതിനാൽ അഞ്ച് ദിവസത്തെ ശംബളം ആയ

രൂ.2250/- (450x5) അധികം നൽകി. ഇപ്രകാരം അധികം നൽകിയ തുക രൂ.2250/- ഈ വിഷയത്തിൻ മേൽ നൽകിയ ഓഡിറ്റ് അന്വേഷണം നം.13 നെ തുടർന്ന് രസീത് നം.11601102693 തീ.11.01.2017 പ്രകാരം ശ്രീ.സജിത്ത് തിരികെ ഒടുക്കി.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

1. RP-43ൽ പ്രോപ്പർട്ടിടാക്സ് -തൻവർഷ വരവ് -977055 രൂപയും കുടിശിക വരവ്-730963 രൂപയും കാണിക്കുന്നു എന്നാൽ ടി തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിനാശ്യമായ രേഖകളില്ല.
2. ബാലൻഷീറ്റ് B-4 ഷെഡ്യൂളിൽ ഗുണഭോക്തൃവിഹിതമിനത്തിൽ 361826 രൂപ ബാധ്യതയായിക്കാണിക്കുന്നു. എന്നാൽ ഇതു സംബന്ധിച്ച ആധികാരിക രേഖകൾ സൂക്ഷിച്ചില്ല.
3. B-18 ഷെഡ്യൂളിൽ advance to implementing officers എന്ന ഇനത്തിൽ 577600രൂപ കാണിക്കുന്നു. എന്നാൽ ടി തുകയുടെ ആധികാരികത/ കൃത്യത ഉറപ്പാക്കുവാൻ കഴിയുന്നില്ല.
4. B-18 ഷെഡ്യൂളിൽ electricity deposit ഇനത്തിൽ 14650 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നതായി ക്കാണിക്കുന്നു. എന്നൽ പ്രസ്തുത വേല 15-16 വർഷം തന്നെ പൂർത്തിയായിട്ടുള്ളതാണ്.
5. ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം,ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.
6. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ (എം.എസ്) 152/11/തസ്വഭവ തീ.26.07.2011) നടപ്പാക്കിയിട്ടിയില്ല.
7. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുകയോ സഞ്ചയ സോഫ്റ്റ് വെയറിൽ ഡാറ്റാബേസിൽ രേഖപ്പെടുത്തലുകൾ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി. | 747/2010 /05.03.2010 | 11848500 | 4405436 | 1600000 | 240358 | 2805436 |

4-6. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ താഴെ വിവരിക്കും പ്രകാരം 28,320/- വരവുണ്ട്.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | തുക | ഒടുക്കിയ ആളുടെ പേര് | രസീത് നം/തീയതി |
|---|---|---|---|---|
| 2012-13 | 3-1 | 28320 | സുലൈമാൻ കുഞ്ഞ് | 11501100803/21.05.15 |

4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 35,42,6021/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 43,35,5732/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | 18,741/- |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4,80,725/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7,07,000/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 18741+പലിശ | | അനീഷ്.കെ.റ്റി,സെക്ഷൻ ക്ലർക്ക്<br>സുരാജ്,സെക്ഷൻ ക്ലർക്ക്<br>പി.ജി.പ്രകാശ്,സെക്രട്ടറി |
| 3-1 | | 463589 | വിഷ്ണു,അസി.എഞ്ചിനീയർ |
| 3-2 | | 17136 | വിഷ്ണു,അസി.എഞ്ചിനീയർ |
| | | 480725 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 4,12,000 | വിഷ്ണു,അസി.എഞ്ചിനീയർ |
| 3-9 | 200000 | പി.ജി.പ്രകാശ്,സെക്രട്ടറി |
| 3-10 | 65000 | പി.ജി.പ്രകാശ്,സെക്രട്ടറി |
| 3-18 | 30000 | പി.ജി.പ്രകാശ്,സെക്രട്ടറി |
| | 707000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

3-2 1607 (വാറ്റ്)

3-17 2350 (വാറ്റ്)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ – ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| പി.ജി.പ്രകാശ്,<br>സെക്രട്ടറി | സെക്രട്ടറി,കരുവാറ്റ ഗ്രാമപഞ്ചായത്ത് | സൗപർണ്ണിക<br>കലവൂർ പി.ഒ<br>ആലപ്പുഴ |
| വിഷ്ണു.എസ്,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>കോട്ടക്കൽ മുനിസിപ്പാലിറ്റി,<br>മലപ്പുറം | വിഷ്ണു.എസ്,<br>വൈഷ്ണവം<br>ടാഗോർ റോഡ്<br>നോർത്ത് ആര്യാട് പി.ഒ |
| അനീഷ്.കെ.റ്റി,<br>സെക്ഷൻ ക്ലർക്ക് | അക്കൗണ്ടന്റ്<br>കൈനകരി ഗ്രാമപഞ്ചായത്ത് | കൈതവളപ്പിൽ<br>ബീച്ച് വാർഡ്<br>ബസാർ പി.ഒ<br>ആലപ്പുഴ |
| സുരാജ്,<br>സെക്ഷൻ ക്ലർക്ക് | സീനിയർ ക്ലർക്ക്<br>അസി.ഡയറക്ടർ ഓഫ് പഞ്ചായത്ത്<br>ആലപ്പുഴ | കാട്ടുക്കാരൻ വീട്<br>വണ്ടാനം പി.ഒ<br>ആലപ്പുഴ |

4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-2003 | എൽ.എഫ്.ജി.എ.5.1832/2011/20.01.12 | | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2003-2004 | എൽ.എഫ്.ജി.എ.5.1832/2011/20.01.12 | | |
| 2004-2005 | എൽ.എഫ്.ജി.എ.5.1832/2011/20.01.12 | | |
| 2005-2006 | എൽ.എഫ്.ജി.എ.5.1832/11/2011/20.01.12 | | |
| 2006-2007 | എൽ.എഫ്.എ.പി 9/109/2008/18.11.2008 | | |
| 2007-2008 | എൽ.എഫ്.എ.പി 8/1760/2011/14.07.2012 | | |
| 2008-2009 | എൽ.എഫ്.എ.പി 8/1760/2011/14.07.2012 | | |
| 2009-2010 | എൽ.എഫ്.എ.പി 8/1758/2011/08.08.12 | | |
| 2010-2011,2011-2012 | എൽ.എഫ്.എ.പി.8- 251/2013/26.16.13 | | |
| 2012-2013 | എൽ.എഫ്.എപി 8-318/2015/04.08.15 | | |
| 2013-2014&<br>2014-2015 | കെ.എസ്.എ/എഎൽ.പി/<br>പി 8-61/16/20.01.16 | | |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

നം.കെ.എസ്.എ./എ.എൽ.പി./ പി.8-38/17 തീയതി 20/1/2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, ആലപ്പുഴ ജില്ലയിലെ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖ 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പുന്നപ്ര തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA-ALP-P.8-38/17 Dated, 20/1/2017

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Punnapra south Grama Panchayat in Alappuzha district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Punnapra south Grama Panchayat for the year 2015-16 except the obeservations in my report para 4-1 properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha